6.	എറണാകുളം	15
7.	ഇടുക്കി	6
8.	തൃശ്ശൂർ	7
9.	പാലക്കാട്	6
10.	മലപ്പുറം	5
11.	കോഴിക്കോട്	9
12.	വയനാട്	3
13.	കണ്ണൂർ	6
14.	കാസർഗോഡ്	5
	ആകെ	104

(സി) ഗവൺമെന്റ് പ്ലീഡർമാരുടെ 32 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. അവയുടെ വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ഹൈക്കോടതിയിൽ	12
തിരുവനന്തപുരം ജില്ലയിൽ	3
കൊല്ലം	3
ആലപ്പുഴ	1
എറണാകുളം	7
ഇടുക്കി	1
തൃശ്ശൂർ	2
വയനാട്	1
കാസർഗോഡ്	2
ആകെ	32

ലീഗൽ അസിസ്റ്റന്റുമാരുടെ നിയമനം

29 (1968) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമവകുപ്പിലെ ഭരണ കാര്യങ്ങളും നിയമനകാര്യങ്ങളും സംബന്ധിച്ച ഫയലുകൾ സൂക്ഷിക്കുന്ന ആഫീസ് എവിടെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഭരണപരമായതും നിയമനകാര്യങ്ങളും സംബന്ധിച്ച് ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ലിസ്റ്റ് തയ്യാറാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. യിൽ നിന്നും ഏറ്റവും ഒടുവിൽ നിയമനം നടത്തിയ തീയതി ലഭ്യമാക്കുമോ ; പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ ഏതൊക്കെ തീയതിയിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) 1997-ജനുവരി 1 മുതൽ നാളിതുവരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം ലഭച്ചവരിൽ പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ചവർ, സെക്രട്ടേറിയറ്റിൽനിന്നും നിയമനം ലഭിച്ചവർ, മറ്റു ഡിപ്പാർട്ടുമെന്റിൽ നിന്നും നിയമനം ലഭിച്ചവർ, മരണപ്പെട്ടവരുടെ ആശ്രിതർ, ട്രാൻസിലേറ്റർമാർ എന്നീ ഏതു വിഭാഗത്തിലാണ് ഓരോരുത്തരുംപെടുന്നതെന്നും അവർ നിയമവകുപ്പിൽ എന്നാണ് ജോലിയിൽ പ്രവേശിച്ചതെന്നും പി.എസ്.സി. നിയമനം ലഭിച്ചവരുടെ അഡ്വൈസ് തീയതി എന്നാണെന്നും വെളിപ്പെടുത്തുമോ ;

(എഫ്) സെക്രട്ടേറിയറ്റ് കാഡറിലും മറ്റു ഡിപ്പാർട്ടുമെന്റുകളിലും നിന്ന് ട്രാൻസ്ഫർ/പ്രമോഷൻ വഴി നിയമനം ലഭിക്കുന്നവർ നിയമ വകുപ്പിൽ പ്രവേശിക്കുന്ന തീയതിവരെ അവരവർ ജോലി ചെയ്തിരുന്ന വകുപ്പിലെ സീനിയോറിറ്റിക്കും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുള്ളവരാണോ എന്ന് വ്യക്തമാക്കുമോ ;

(ജി) നിയമവകുപ്പിലെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള തീയതിയിൽ കാറ്റഗറി 3, 4 വിഭാഗത്തിൽപെടുന്നവർക്ക് സീനിയോറിറ്റി നൽകുവാൻ കെ.എസ്.ആന്റ് എസ്.എസ്. ആറിൽ വ്യവസ്ഥ ഉണ്ടോ ;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിച്ച ലീഗൽ അസിസ്റ്റന്റുമാർ എത്ര പേരാണെന്നും അതിൽ എത്രപേർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരുണ്ടെന്നും എത്രപേർ കാറ്റഗറി 3-ൽ പ്പെട്ടവരാണെന്നും എത്രപേർ കാറ്റഗറി 4-ൽ പ്പെട്ടവരാണെന്നും വെളിപ്പെടുത്തുമോ ;

(ഐ) കാറ്റഗറി 3, 4 നിയമനത്തിനുള്ള ലിസ്റ്റ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയതിന്റെ കാലാവധി എന്ന് അവസാനിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമവകുപ്പിലെ ഭരണകാര്യങ്ങളും നിയമനകാര്യങ്ങളും സംബന്ധിച്ച് തീർപ്പാക്കാത്ത ഫയലുകൾ നിയമ 'ഭരണ' വകുപ്പിലും തീർപ്പാക്കിയ ഫയലുകൾ നിയമ 'റിക്കാർഡ്' വകുപ്പിലുമാണ് സൂക്ഷിക്കുന്നത്.

(ബി) ഭരണപരമായതും നിയമനകാര്യങ്ങളും സംബന്ധിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടിയാണ് നൽകുന്നത്.

(സി) നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുക്കുന്നതിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. ലീഗൽ അസിസ്റ്റന്റുമാരുടെ 12 ഒഴിവുകൾ

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതനുസരിച്ച് പി.എസ്.സി. നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പി. എസ്. സി. യിൽ നിന്നും ഏറ്റവും ഒടുവിൽ നിയമനം നടത്തിയത് 9-05-2000-ത്തിലാണ്. താഴെപ്പറയുന്ന തീയതികളിൽ പി.എസ്.സി. യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

20-07-2000	3 ഒഴിവുകൾ
01-08-2000	1 ഒഴിവ്
24-03-2001	3 ഒഴിവുകൾ
27-11-2001	1 ഒഴിവ്
13-02-2003	4 ഒഴിവുകൾ
ആകെ	12 ഒഴിവുകൾ

(ഇ) 1997- ജനുവരി 1 മുതൽ നാളിതുവരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം ലഭിച്ചവരുടെ ലിസ്റ്റ് കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു.* നിയമവകുപ്പിൽ അവർ ജോലിയിൽ പ്രവേശിച്ച തീയതികളും പി.എസ്.സി. നിയമനം ലഭിച്ചവരുടെ അഡ്വൈസ് തീയതിയും അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.*

(എഫ്) നിയമവകുപ്പിൽ പ്രവേശിക്കുന്നതുവരെ അവരവരുടെ വകുപ്പിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

(ജി) കെ.എസ്.ആന്റ് എസ്.എസ്. ആറിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്.

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13 പേർക്ക് നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകിയിട്ടുണ്ട്. ഇതിൽ ഒരാൾ ആശ്രിത നിയമന വ്യവസ്ഥ പ്രകാരവും ബാക്കി 12 പേർ കാറ്റഗറി 4-ൽ പ്പെട്ടവരുമാണ്. പി.എസ്.സി. വഴി നിയമനം ലഭിച്ചവരും സെക്രട്ടേറിയറ്റ് കാട്ടയിൽ നിയമനം ലഭിച്ചവരും ഇല്ല.

(ഐ) നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി 2-05-2003-ൽ അവസാനിച്ചു. പ്രസ്തുത ലിസ്റ്റിന്റെ കാലാവധി 5-08-2003-വരെ നീട്ടാനുള്ള ഒരു നിർദ്ദേശം നിലവിലുണ്ട്.

ഭവന നിർമ്മാണ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതുക

30 (1969) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഭവന നിർമ്മാണ പദ്ധതികൾക്കായി 2000-01, 2001-02, 2002-03 എന്നീ വർഷങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചിട്ടുണ്ട് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly